ജി.എസ്.ടി. നിയമപ്രകാരം വകുപ്പിന്റെ ഇന്റലിജൻസ് വിഭാഗം ഇത്തരം കടകളിൽ ടെസ്റ്റ് പർച്ചേസ് നടത്തുകയും നിയമാനുസൃതമുള്ള ബിൽ നൽകുന്നില്ലെന്ന് തെളിയുന്നപക്ഷം പിഴ ഈടാക്കുകയുമാണ് ചെയ്തുവരുന്നത്. ഇതുകൂടാതെ ബിൽ വാങ്ങേണ്ടതിന്റെ ആവശ്യകതയെ സംബന്ധിച്ച് ഉപഭോക്താക്കൾക്ക് ബോധവൽക്കരണം നടത്തുന്നതിനുള്ള നിരവധി പ്രോഗ്രാമുകളും വകുപ്പ് ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു.

കോർപ്പറേഷനുകളിൽ ഫിനാൻസ് ഓഫീസർമാരെ നിയമിക്കുന്നതിനുള്ള നടപടി

37(4147) ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. എം. വിൻസെന്റ്:
ശ്രീ. സി. ആർ. മഹേഷ്:
ശ്രീ. ടി. ജെ. വിനോദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം സിറ്റി കോർപ്പറേഷനിലെ നികുതി വെട്ടിപ്പ് നടന്നതായിട്ടുള്ള മാധ്യമ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(ബി) എങ്കിൽ ഇത്തരം സ്ഥാപനങ്ങളിൽ ഫണ്ട് കൃത്യമായി മാനേജ് ചെയ്യുന്നതിനും ഫണ്ട് തിരിമറി ഇല്ലാതാക്കുന്നതിനും സർക്കാരിന്റെ സമയാസമയങ്ങളിലുള്ള വ്യയനിയന്ത്രണങ്ങൾ കൃത്യമായി പാലിക്കുന്നതിനും ധനകാര്യ വകുപ്പിൽ നിന്നുമുള്ള ഫിനാൻസ് ഓഫീസർമാരെ സിറ്റി കോർപ്പറേഷനുകളിൽ നിയമിക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

(എ&ബി) തിരുവനന്തപുരം കോർപ്പറേഷനിലെ നികുതി വെട്ടിപ്പ് നടന്നതായിട്ടുള്ള മാധ്യമ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കോർപ്പറേഷനുകളുടെ ഭരണ വകുപ്പായ തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും നിർദ്ദേശം ലഭിക്കുന്നമുറയ്ക്ക് ധനകാര്യ വകുപ്പിൽനിന്നുള്ള ഫിനാൻസ് ഓഫീസർമാരെ കോർപ്പറേഷനുകളിൽ നിയമിക്കു ന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ആഭ്യന്തര ഉത്പാദനത്തിനനുസൃതമായ നികുതി

38(4148) ശ്രീ. കെ. ബാബു (നെന്മാറ): താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ മൊത്ത ആഭ്യന്തര ഉത്പാദനത്തിനനുസൃതമായ നികുതി ലഭിക്കുന്നില്ലെന്ന വിഷയം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly